DISPATCHED
On... 03/06/2020

25/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.2715(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.21091/എസ്.ഐ.സി–ജി 4/2019)

സന്നിഹിതൻ
ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. കമലാകരൻ കെ.വി.,
കണ്ടമാട്ടിൽ വീട്, പുതുശ്ശേരി പി.ഒ.,
ചൂണ്ടൽ, ചെമ്മന്തട്ട, കുന്നുകുളം -680 502 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   സെക്രട്ടറി, വേലൂർ ഗ്രാമപഞ്ചായത്ത്,
   തൃശ്ശൂർ -680 601

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസി. ഡയറക്ടർ, തൃശ്ശൂർ

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.06.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.07.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.01.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് തീയതി & സ്ഥലം | 25.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷികൾ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കമലാകരൻ കെ.വി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ ഒന്നാം ഇനം സംബന്ധിച്ച് പരാമർശിത മതിൽ പണിയുന്നതിന് അനുമതി നൽകിയിട്ടില്ല എന്ന മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയതെന്നും എന്നാൽ 14.05.2015 തീയതി വേലൂർ പഞ്ചായത്തിൽ നിന്നും വിവരാവകാശ അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ അറിയിച്ചത്, അനുമതി വാങ്ങിയതിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നാണെന്നും ആയതിനാൽ അനുമതി നൽകി എന്നു പഞ്ചായത്ത് സെക്രട്ടറി സമ്മതിച്ചിട്ടും ടിയാന്റെ അപേക്ഷയിലെ രണ്ടാം ഇനം സംബന്ധിച്ച് 'ബാധകമല്ല' എന്ന മറുപടിയാണ് നൽകിയിട്ടുള്ളതെന്നും ഒന്നാം അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ 10 ദിവസങ്ങൾക്കകം വ്യക്തമായ മറുപടി നൽകണമെന്ന് നിരദ്ദേശിച്ചുവെങ്കിലും യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

- തയ്യൂർ മരുന്നംകാട്ടു കാരയിൽ ശങ്കര നാരായണൻ മകൻ നന്ദനൻ പൊതു സ്ഥലത്തോടു ചേർന്ന് പണിതിട്ടുള്ള മതിലിന് പഞ്ചായത്തിൽ നിന്നും നൽകിയ അനുമതി ഉത്തരവിന്റെയും അംഗീകൃത പ്ലാനിന്റെയും പകർപ്പ് നൽകണമെന്നും
- ടിയാൻ പണിതിട്ടുള്ള മതിൽ പഞ്ചായത്ത് പുറംപോക്കു വഴി കെയ്യേറാതെ യഥാർത്ഥ അതിർത്തിയിലാണ് പണിതിട്ടുള്ളതെന്നു ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നുമാണ്.

ടി അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, പരാമർശിത മതിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടില്ല എന്നും ആയതിനാൽ രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം 'ബാധകമല്ല' എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ശരിയായ വിവരങ്ങൾ ലഭ്യമാക്കി നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഒന്നാം ഇനം സംബന്ധിച്ച് ഒന്നാം എതിർകക്ഷി നൽകിയ മറുപടി അംഗീകരിക്കുന്നു എന്നും എങ്കിലും അത്തരത്തിൽ അനുമതി നൽകിയിട്ടുള്ളതായി ഹർജിക്കാരൻ നേർവാദത്തിൽ അറിയിച്ചിട്ടുളതിനാൽ ടി വിഷയം വിശദമായി പരിശോധിച്ച് വ്യക്തമായ മറുപടി ഹർജിക്കാരന് നൽകണമെന്നും രണ്ടാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

3. ഹർജിക്കാൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 12.06.2019 തീയതി ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പരാമർശിത മതിൽ നിർമ്മാണം അനുമതി വാങ്ങിയതിനു ശേഷം നിർമ്മാണ പ്രവർത്തികൾ തുടരുന്നതിന് കത്തു നൽകിയിട്ടുണ്ട് എന്നാണെന്നും ആയതിൽ നിന്നും ഒന്നാം ഇനം സംബന്ധിച്ച് എതിർകക്ഷി നൽകിയിട്ടുള്ള മറുപടി ശരിയല്ലെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനേയും എതിർകക്ഷിയേയും നേരിൽ കേട്ടതിലും, പരാമർശിത മതിൽ നിർമ്മാണത്തിന് ബന്ധപ്പെട്ട കക്ഷി പഞ്ചായത്തിൽ നിന്നും അനുമതിയൊന്നും വാങ്ങിയിട്ടില്ല എന്നു കാണുന്നു. ഹർജിക്കാരൻ ടി വിഷയം സംബന്ധിച്ച് പരാതി നൽകിയതിനെ തുടർന്ന് ടി നിർമ്മാണം നിർത്തി വക്കുന്നതിന് ഒന്നാം എതിർകക്ഷി കത്ത് നൽകിയതായും അനുമതി വാങ്ങിയതിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ മതിയെന്നു ടിയാനെ അറിയിച്ചിട്ടുള്ളതായും കാണുന്നു. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടി തെറ്റാണെന്നു കാണുവാൻ നിർവ്വാഹമില്ല. എന്നാൽ ബന്ധപ്പെട്ട കക്ഷി പഞ്ചായത്ത് നോട്ടീസ് ലഭിച്ച ശേഷവും പരാമർശിത മതിൽ നിർമ്മാണം തുടർന്ന് നടത്തിയിരുന്നുവെങ്കിൽ ആയത് സംബന്ധിച്ച പരാതിപഞ്ചായത്ത് ഓഫീസിലോ ബന്ധപ്പെട്ട മറ്റു അധികാരി സ്ഥാനങ്ങളിലോ നൽകി പരാതി പരിഹാരം തേടാവുന്നതാണ്. ആയത് വിവരാകവാശ നിയമ പ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ല. പഞ്ചായത്ത് നോട്ടീസ് നൽകിയ ശേഷം ബന്ധപ്പെട്ട കക്ഷി മതിൽ നിർമ്മാണം പൂർത്തികരിച്ചുവെങ്കിൽ ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്ത് സെക്രട്ടറിക്കുണ്ടെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരന് നൽകിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്നു സ്ഥാപിക്കുന്ന യാതൊന്നും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 25–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

dp